വിവരാവകാശ നിയമം 2005

ഭരണ ഭാഷ-മാതൃഭാഷ

GOVERNMENT OF KERALA

സാമൂഹ്യനീതി (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 20.7.2018

നം.281/ഡി1/18/സാ.നീ.വ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

11 9808

അഡ്വ.സുനിൽകുമാർ ഡി.എസ്,
ഗോപി സദനം, തോപ്പിൽ ലൈൻ,
East of KAT, വഞ്ചിയൂർ,
തിരുവനന്തപുരം-695035

25 JUL 2018

സർ,

വിഷയം - സാമൂഹ്യ നീതി വകുപ്പ് -വിവരാവകാശ നിയമം, 2005-മറുപടി നൽകുന്നത്- സംബന്ധിച്ച്.

സൂചന- 10.7.2018 ലെ വിവരാവകാശനിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷ

സൂചന- 10.7.2018 ലെ വിവരാവകാശനിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു

ചോദ്യം 1- 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ ഉത്തരവിനു ശേഷം ഇത് സംബന്ധിച്ച് 3.2.2016 ൽ സ.ഉ(പി) 1/16/സാ.നീ.വ(4 പേജ്), 26.4.2017 ലെ 5/17/സാ.നീ.വ(1 പേജ്) ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പിനായി പേജൊന്നിന് 2 രൂപ നിരക്കിൽ 5 പേജുകൾക്ക് 10 രൂപ "0070 -60-118-99-Receipts under RTI Act 2005" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ ഹാജരാക്കുവാൻ താല്പര്യപ്പെടുന്നു.

ചോദ്യം 2 & 3- ഇതു സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല. ടി വിവരങ്ങൾ താങ്കൾക്ക് ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് സാമൂഹ്യനീതി ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. മേൽ മറുപടി തൃപ്തികരമല്ലാത്ത പക്ഷം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം ഈ വകുപ്പിലെ അപ്പീൽ അധികാരിക്ക് താഴെ പറയുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ മേൽവിലാസം-

ശ്രീമതി.ജെസി ജോർജ്ജ്
ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
PH-0471 2518262

വിശ്വസ്തതയോടെ,


എൻ.എ.അബ്ദുൾ റഷീദ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി.


പകർപ്പ്-സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, തിരുവനന്തപുരം
(അപേക്ഷയുടെ പകർപ്പ് സഹിതം അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി)

12-7-2018

## Application to be submitted for information under Right to Information Act, 2005

2686/21/-1




To,

The Public Information Officer
Office of the Secretary to Government,
Social Justice (D) Department,
Government Secretariat, Statue,
Thiruvananthapuram – 695001

13 JUL 2018

1. Full Name of the applicant - Adv. Sunilkumary D.S

2. Address - Juris Consultus,
Gopi Sadanam, Thoppil Lane,
East of KAT, Vanchiyoor,
Thiruvananthapuram:695035

3. Particulars of information required-

1. Kindly issue the copies of all and every documents pertaining to the further steps taken after the issuance of G.O (P) 40/2013/SJD dated 18/05/2013.

2. The list of candidates selected for the regularisation/ absorption under the scheme mentioned in G.O(P)40/2013/ SJD dated 18/05/2013.

3. Steps taken for regularisation of persons included in the list prepared in pursuance to the G.O (P) 40/2013/SJD dated 18/05/2013.

Date :10/07/2018
Place: Thiruvananthapuram

Signature of the Applicant
Adv. Sunilkumary D.S

13/7/18

www.sahayam.in

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
### അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 24th May 2013<br>2013 മേയ് 24<br>3rd Jyaishta 1935<br>1935 ജ്യേഷ്ഠം 3 | No.<br>നമ്പർ | 1431 |

## കേരള സർക്കാർ

### സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്—16-8-1999 മുതൽ 31-12-2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള അംഗ പരിമിതർക്ക് പുനർ/റഗുലർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

### സാമൂഹ്യനീതി (ഡി) വകുപ്പ്

സ. ഉ. (പി) നമ്പർ 40/13/സാ.നീതി.വ. തിരുവനന്തപുരം, 2013 മേയ് 18.

പരാമർശം.—എംപ്ലോയ്മെന്റ് ഡയറക്ടറുടെ 23-7-2012-ലെ പി2/12822/2012/ഡിഇ. നമ്പർ കത്ത്.

### ഉത്തരവ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ വിവിധ സംഘടനകൾ മുഖേനയും വ്യക്തികൾ മുഖേനയും ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

www.sahayam.in



16-8-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി കെ. എസ്. ആന്റ് എസ്. എസ്. ആർ. ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയ ഏകദേശം 2677 അംഗ പരിമിതർക്ക് പുനർനിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാർ സർവ്വീസിൽ നിന്നും പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ ടി ഉദ്യോഗാർത്ഥികൾക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് സർവ്വീസിൽ പുനർ/റഗുലർ നിയമനം നൽകി ഉത്തരവാകുന്നു.

മേല്പറഞ്ഞ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. കെ. എം. എബ്രഹാം,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്കും.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
രജിസ്ട്രാർ, യൂണിവേഴ്സിറ്റീസ്.
ബന്ധപ്പെട്ട നിയമനാധികാരികൾക്കും സ്ഥാപന മേധാവികൾക്കും.
ധനകാര്യ വകുപ്പ്.
നിയമവകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (സർവ്വീസസ്) വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 3569 തീയതി 15-5-2013).
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.